## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഒറ്റപ്പാലം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫുൾടൈം കണ്ടിജന്റ് ജീവനക്കാരനായി വിരമിച്ച ശ്രീ.മണപ്പുള്ളിയ്ക്ക് യോഗ്യ സേവനകാലം കണക്കാക്കി പെൻഷൻ അനുവദിക്കുന്നത് - ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം. 1981/2012/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,17.7.2012.**

---

പരാമർശം:-
1) സഉ(പി) നമ്പർ 106/91/തഭവ തീയതി 23.03.1991.
2) സഉ(കൈ) നമ്പർ 12/07/തസ്വഭവ തീയതി 20.04.2007.
3) ശ്രീ. മണപ്പുള്ളി 22.09.2011 ൽ സർക്കാരിന് സമർപ്പിച്ച നിവേദനം.
4) ശ്രീ. മണപ്പുള്ളി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 2396/12 കേസ്സിൻമേൽ ബഹു. ഹൈക്കോടതിയുടെ 31.01.2012 ലെ വിധിന്യായം.
5) പഞ്ചായത്ത് ഡയറക്ടറുടെ 22.10.2011, 16.04.2012 തീയതികളിലെ എച്ച്2-27923/11 നമ്പർ കത്തുകൾ.

**ഉത്തരവ്**

14.07.1987 ൽ ഒറ്റപ്പാലം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫുൾടൈം കണ്ടിജന്റ് ജീവനക്കാരനായി 55 വയസ്സ് തികഞ്ഞ മുറയ്ക്ക് വിരമിച്ച ശ്രീ.എം.മണപ്പുള്ളി തനിക്ക് നിയമപ്രകാരം പെൻഷൻ കിട്ടുവാൻ അർഹത ഇല്ലായിരുന്നെന്നും എന്നാൽ പഞ്ചായത്തിൽ നിന്നും വിരമിച്ച ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്ക് 01.04.1991 മുതൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ടെന്നും, 55 വയസ്സിൽ പെൻഷൻ പറ്റുന്ന പഞ്ചായത്തിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്കും റഗുലർ ജീവനക്കാരെപ്പോലെ അവരുടെ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിന്റെ 50% പെൻഷന് കണക്കാക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ രണ്ട് ആനുകൂല്യങ്ങളും ലഭിക്കുവാൻ തനിക്ക് അർഹതയുള്ളതിനാൽ 01.04.1991 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് പരാമർശം 3 പ്രകാരം സർക്കാരിൽ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി.

ഇതേ കാര്യത്തിനായി ശ്രീ. മണപ്പുള്ളി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 2396/2012 കേസ്സിലെ പരാമർശം 4 പ്രകാരമുള്ള വിധിന്യായത്തിൽ ഹർജിക്കാരന്റെ എക്സ്ബിറ്റ് പി.6 നിവേദനം 23.03.1991 ലെ സഉ(പി) 106/91/തസ്വഭവ (എക്സ്ബിറ്റ് പി2)സർക്കുലർ നമ്പർ 42/01/ധന തീയതി 21.07.2001, (എക്സ്ബിറ്റ് പി3) ഡബ്ല്യു.പി.(സി) 19072/06 ൻമേൽ ബഹു.ഹൈക്കോടതിയുടെ 07.10.2010 ലെ വിധിന്യായം (എക്സ്ബിറ്റ് പി4), സഉ(സാധാ) നമ്പർ 457/11/തസ്വഭവ dated 11.02.2011 (എക്സ്ബിറ്റ് പി 5) എന്നിവയുടെ വെളിച്ചത്തിൽ ഇക്കാര്യം പരിശോധിച്ച് ആറാഴ്ചകൾക്കകം തീരുമാനമെടുക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

നിലവിൽ ഒറ്റപ്പാലം ഗ്രാമപഞ്ചായത്ത് ഒറ്റപ്പാലം നഗരസഭയാക്കിയെന്നും ശ്രീമാൻ മണപ്പുള്ളിയുടെ സേവന സംബന്ധമായ യാതൊരു രേഖകളും ഒറ്റപ്പാലം നഗരസഭയിൽ ലഭ്യമല്ലെന്നും ആയതിനാൽ ശ്രീ. മണപ്പുള്ളിക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള യോഗ്യ സേവനകാലം കണക്കാക്കാൻ കഴിയുന്നില്ലെന്നും ഒറ്റപ്പാലം നഗരസഭാ സെക്രട്ടറി അറിയിച്ചതായും പരാമർശം 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 14.07.1987 ൽ വിരമിച്ച ശ്രീ.മണപ്പുള്ളിയുടെ സേവനകാലവുമായി ബന്ധപ്പെട്ട് ആകെ ലഭ്യമായിട്ടുള്ള, ടിയാൻ 305 രൂപ കൈപ്പറ്റിയതിന്റെ ഒരു അക്വിറ്റൻസിന്റെ പകർപ്പ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ ഇതിൽ നിന്നും ടിയാന് എത്ര കാലം സർവ്വീസുണ്ടെന്നോ, അതിൽ തന്നെ പാർട്ട് ടൈം സർവ്വീസ് , ഫുൾടൈം സർവ്വീസ് എത്ര വീതമെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മണപ്പുള്ളിയുടെ യോഗ്യ സേവനകാലവും പെൻഷനും തിട്ടപ്പെടുത്തി 23.03.1991 ലെ സഉ(പി) 106/91/തസ്വഭവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

WP(C) 2396/12 നമ്പർ റിട്ട് പെറ്റീഷൻമേലുള്ള ബഹു.ഹൈക്കോടതി വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.പി.ശ്രീകുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ശ്രീ.മണപ്പുള്ളി, ഒറ്റപ്പാലം ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
(സെക്രട്ടറി, ഒറ്റപ്പാലം ഗ്രാമ പഞ്ചായത്ത് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ